*Celebrating Extraordinary Missionary Month October 2019…*

**Monday, 21 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ഏഴാം തിങ്കൾ

Mt 24:3-14 (ജറുസലേമിന്റെ പതനവും യുഗാന്ത്യവും)

Fr. Winson Moyalan CMI

പിടക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകുകൾക്കിടയിൽ കാത്തുസൂക്ഷിക്കുന്ന പോലെയാണ് ദൈവം തന്റെ ജനത്തെ സംരക്ഷിച്ചു പോന്നത്. എന്നിട്ടും യാതൊരു ഉപകാരവും ഉണ്ടായില്ല. യേശു ജീവിച്ചിരുന്നപ്പോഴുള്ള തലമുറയും അത് തന്നെ ആവർത്തിച്ചു. അതിനാൽ യഹൂദന്റെ അഭിമാനമായ ജറുസലേം ദേവാലയം പുനരുദ്ധരിക്കാൻ പറ്റാത്തവണ്ണം കല്ലിന്മേൽ കല്ല് ശേഷിക്കാതെ തകർന്നു തരിപ്പണമാകുമെന്ന് യേശു പ്രവചിക്കുന്നു.

ജറുസലേം ദേവാലയം കൂടാതെ ലോകത്തിന് മുന്നോട്ടു പോകാൻ കഴിയില്ലെന്ന് വിശ്വസിച്ചിരുന്ന യഹൂദജനത്തിന്റെ രക്തം തന്നെയാണ് ശിഷ്യരുടേയും സിരയിൽ ഓടികൊണ്ടിരുന്നത്. അതുകൊണ്ടാണ് കേൾക്കുമ്പോൾ വിഭിന്ന ചോദ്യമായി തോന്നുമെങ്കിലും ദേവാലയത്തിന്റെ നാശവുമായി ബന്ധപ്പെടുത്തി യുഗാന്ത്യത്തെക്കുറിച്ചും അവർ ചോദിക്കുന്നത്. ജറുസലേം ദേവാലയത്തിന്റെ തകർച്ച ലോകത്തിന്റെ തകർച്ചയായി ആ പാവങ്ങൾ കരുതി.

യുഗാന്ത്യത്തിന്റെ ലക്ഷണങ്ങളെക്കുറിച്ചും യേശു ഇന്നത്തെ സുവിശേഷത്തിലൂടെ നമ്മോട് പറയുന്നുണ്ട്. മത്തായി 10:17-22 ലെ വിവരണവും ഇതിനോട് ചേർന്നു പോകുന്നതാണ്.
യേശു പറഞ്ഞ ലോകാവസാനത്തിന്റെ ലക്ഷണങ്ങൾ ചുറ്റും കണ്ടു കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് മത്തായിയുടെ സുവിശേഷം രചിക്കപ്പെടുന്നത്. മത പീഡനവും, വ്യാജ പ്രവാചകരുടെ പ്രവർത്തനവും, ആദിമ ക്രൈസ്തവ സഭയിൽ വിശ്വാസത്യാഗവും ഒക്കെ കണ്ടപ്പോൾ അതുടനെ സംഭവിക്കുമെന്ന് അവർ തെറ്റിദ്ധരിച്ചു.

യേശുവിന്റെ പീഡാസഹനത്തിന്റെ തുടർച്ചയാണ് ക്രൈസ്തവരുടെ പീഡാസഹനം.
"ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല" (10:24 ). സഹനം ഇല്ലാത്ത ക്രൈസ്തവ ജീവിതത്തിലെന്തോ അപൂർണ്ണതയുണ്ട്. കാരണം ദൈവാരൂപി കൊണ്ട് നിറഞ്ഞ യഥാർത്ഥ ക്രൈസ്തവനെ ഉൾകൊള്ളാൻ ലോകാരൂപിയ്ക്ക് ഒരിക്കലും സാദ്ധ്യമല്ല.

എന്നാൽ, അതുടനെ സംഭവിക്കുന്ന ഒന്നല്ലെന്ന് യേശു തന്നെ വ്യക്തമാക്കുന്നുണ്ട്. എത്ര സഹനങ്ങളുണ്ടായാലും എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കപ്പെടണമെന്നും, അതിന് ശേഷമാണ് അന്ത്യം സംഭവിക്കുകയെന്നും വാക്യം 14-ൽ നാം വായിക്കുന്നു. അതിനാൽ ലോകാവസാനത്തിന് സാമാന്യം നീണ്ട ഒരു കാലം ശേഷിച്ചിട്ടുണ്ടെന്ന് സാരം.

ദൈവത്തിൽ വീണ്ടും 'സമന്വയിപ്പിക്കപ്പെടുക' എന്നതാണ് മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള ദൈവീക പദ്ധതി. ദൈവത്തിന്റെ 'അനന്തമായ കാരുണ്യം' അറിയുക എന്നത് ഓരോ മനുഷ്യന്റേയും അവകാശമാണ്. ഈ ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിൽ പങ്കാളികളാകാനുള്ള വിളിയാണ് സുവിശേഷ പ്രഘോഷകർക്ക് ലഭിച്ചിരിക്കുന്നത്.

*Published by*
CMI General Department of Evangelization and Pastoral Ministry